**22U134** (Pages: 2) Name: ..................................

Reg.No: ..................................

**FIRST SEMESTER B.A. DEGREE EXAMINATION, NOVEMBER 2022**

(CBCSS - UG)

(Regular/Supplementary/Improvement)

**CC19U MAL1 B01 - നവോത്ഥാന മലയാള കവിത**

(Malayalam - Core Course)

(2019 Admission onwards)

Time : 2.5 Hours Maximum : 80 Marks

Credit : 5

**Part A** (Short answer questions)

Answer ***all*** questions. Each question carries 2 marks.

1. ഉള്ളൂരിന്റെ മഹാകാവ്യമായ ഉമാകേരളത്തിന്റെ പ്രാധാന്യമെന്ത്?
2. പച്ചമലയാളപ്രസ്ഥാനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണ്?
3. മയൂരസന്ദേശത്തിന്റെ രചനയ്ക്ക് കാരണമായ കേരളവർമ്മയുടെ അനുഭവമെന്ത്?
4. രണ്ടാകിലും വരുമിനിയ്ക്കഴലങ്ങു ചത്തു-കൊണ്ടാലുമാങ്ങളകൾ ചാകിലുമല്ലലല്ലേ ? വേണ്ടാതെ പോരിനണവോരിവരെച്ചതിപ്പാ-നുണ്ടാം തരം വരികനീരിലിറങ്ങിനിൽക്ക. സന്ദർഭവും ആശയവും വിശദമാക്കുക .
5. കിളിപ്പാട്ട് പ്രസ്ഥാനം എന്താണ് ?
6. വിലാപകാവ്യം എന്നാൽ എന്ത്?
7. "മേലേ മേലേ വളർത്തിബ്ഭവതി ഭുവന രംഗത്തിൽ നന്നായ് വിളങ്ങി" പരാമർശം എന്ത്?
8. കാൽപനിക കവിയുടെ ഇഷ്ടവിഷയങ്ങൾ എന്തെല്ലാം?
9. എന്താണ് ഇംപ്രഷനിസം?
10. "കാലിണ കെട്ടട്ടേ നേരിയ വാക്കിന്റെ നൂലിനാലോമനേ! നോവിക്കാതെ" - വിവക്ഷ എന്ത്?
11. 'രമണൻ' എന്ന കൃതിയുടെ സവിശേഷതകൾ എന്തെല്ലാം ?
12. ക്രിട്ടിക്കൽ റിയലിസം എന്നാൽ എന്ത്?
13. മോഹനകൃഷണൻ കാലടിയുടെ നാല് കവിതകൾ പരിചയപ്പെടുത്തുക.
14. ശരിയാണെങ്കിലും കണ്ടു -നിന്നേപോയ് ഞാൻ സവിസ്മയം -എന്താണ് കവിയെ വിസ്മയിപ്പിക്കുന്നത് ?
15. സന്ധ്യാസമയത്ത് കോട്ടയുടെ സമീപത്തുനിന്ന കവിയുടെ ചിന്തകൾ എന്തെല്ലാം?

**(Ceiling: 25 Marks)**

**Part B** (Paragraph questions)

Answer ***all*** questions. Each question carries 5 marks.

16. സംസ്കൃതസാഹിത്യത്തിലെ കാളിദാസപ്രതിഭ ഏ.ആറിനെ സ്വാധീനിച്ചതെങ്ങനെ?
17. കേരളവർമ്മ മയൂരത്തെ വർണ്ണിക്കുന്നത് എപ്രകാരമാണ്?
18. ഇക്കാണും ലോകങ്ങളീശ്വരന്റെമക്കളാണെല്ലാമൊരു ജാതി: നീക്കിനിറുത്താമോ സമസൃഷ്ടിയെ ? - വിശദമാക്കുക.
19. “കാട്ടിന്നകത്തോ കടലിന്നകത്തോ - കാട്ടിത്തരുന്നൂ വിധി രത്നമെല്ലാം” - സൂചിതമെന്ത്?
20. "അതിരില്ലാത്തൊരു സർപ്പക്കാടായ് തോന്നിയെനിക്കെൻ നാടും വീടും" - ആശയം വിശദമാക്കുക.
21. പുള്ളുവപ്പാട്ട് കേൾക്കുമ്പോൾ ഗ്രാമത്തിനുണ്ടാകുന്ന മാറ്റങ്ങൾ എന്തെല്ലാം ?
22. ആധുനിക കവിതയുടെ ഭാവുകത്വ പരിണാമങ്ങൾ വിലയിരുത്തുക.
23. എത്രവേഗം വീണ്ടുമോമനേ നിന്നിലെ-കൊച്ചു കുസൃതി കുടുക്കയൊരമ്മയായ് -ആശയം വിശദീകരിക്കുക ?

**(Ceiling: 35 Marks)**

**Part C** (Essay questions)

Answer any ***two*** questions. Each question carries 10 marks.

24. മലയവിലാസം ' ഒരു ദ്രുതകവനമാണ്. സമർത്ഥിക്കുക.
25. കുമാരനാശാന്റെ ആഴത്തിലുള്ള ജീവിതവിമർശനത്തിനും തത്ത്വനിരീക്ഷണത്തിനും തെളിവാണ് ‘ലീല ’ എന്ന കവിത - വിലയിരുത്തുക.
26. കാല്പനികതയുടെ സ്വാധീനത സമകാല കവിതയിലും പ്രകടമാണ് വിശദമാക്കുക.
27. ആഫ്രിക്ക ' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**(2 × 10 = 20 Marks)**

*******